

# വികാരിയിൽ നിന്ന് ...

29-09-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

സെപ്റ്റംബർ 1 മുതൽ 3 വരെ മസ്ക്കറ്റിൽ വച്ച് നടന്ന ഗൾഫ് യൂത്ത് കോൺഫറൻസ് വളരെ അനുഗ്രഹം ആയിരുന്നു. “അതിരുകൾ കവിയുന്ന ക്രിസ്തു” എന്നതായിരുന്നു പ്രധാന വിഷയം. 1500–ഓളം പേർ സംബന്ധിച്ച ക്യാമ്പിൽ പ്രധാന നേതാക്കന്മാരായി തിരുമേനിമാരെക്കൂടാതെ ശ്രീ. അലക്സാണ്ടർ ജേക്കബ് ണ്ട. ഗ്ഗ. ˙., റവ. ബോബി മാത്യു, ഫാ. ബോബി ജോസ് കട്ടിക്കാട്, സിസ്റ്റർ. സുധാ വർഗ്ഗീസ്, ഡോ. അക്കായി പത്മശാലി, സാഹിത്യകാരൻ ശ്രീ. സുഭാഷ് ചന്ദ്രൻ എന്നിവരായിരുന്നു. ഭിന്നലിംഗക്കാരുടെ പ്രതിനിധിയായി ഡോ. അക്കായി പത്മശാലി തൻെറ നീറുന്ന അനുഭവങ്ങൾ പങ്കുവച്ചപ്പോൾ അത് എല്ലാവർക്കും ഹൃദയസ്പർശിയായി. ഭിന്നലിംഗക്കാരോടുള്ള വെറുപ്പും പുച്ഛവും ദൈവത്തോടുള്ള അനാദരവായി കണക്കാക്കണമെന്നും, അവരും ദൈവസൃഷ്ടികളാണെന്നും, അവർക്കും ഈ സമൂഹത്തിൽ ജീവിക്കാൻ അവകാശമുണ്ടെന്നും ഏവരേയും ഓർമ്മിപ്പിച്ചു. പത്മശ്രീ. സിസ്റ്റർ. സുധാ വർഗ്ഗീസ് ബീഹാറിൽ പാവപ്പെട്ട ഗ്രാമീണർക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മഹതിയാണ്. അവരുടെ പൊള്ളുന്ന ജീവിത അനുഭവങ്ങൾ ഏവരുടേയും കണ്ണുകൾ ഈറനണിയിച്ചു. സ്വർഗ്ഗത്തിൻെറ അതിരുകൾ ഭേദിച്ച് മാനുഷികമായ വേർതിരിവുകൾ ഇല്ലാതാക്കുന്ന ക്രിസ്തുവിൻെറ മഹത്തായ പ്രവർത്തനം മാതൃകയാക്കണം എന്ന മുഖ്യസന്ദേശം ഏവർക്കും പ്രചോദനമായി. നമ്മുടെ ഇടവകയിൽ നിന്നും 19 പേർ ഈ കോൺഫറൻസിൽ സംബന്ധിച്ചു. സഖ്യമായി ‘വെളിച്ചമേ നയിച്ചാലും’ എന്ന നാടകം അവതരിപ്പിച്ചത് വളരെ ഹൃദ്യമായ അനുഭവം ആയിരുന്നു.സജീവമായി പങ്കെടുത്ത് സഹകരിച്ച ഏവരോടും നന്ദി അറിയിക്കുന്നു.

ഒക്ടോബർ മാസം സഭയെ സംബന്ധിച്ച് പലതുകൊണ്ടും വളരെ ശ്രദ്ധേയമായ ഒരു മാസം ആണ്. ആദ്യ ആഴ്ച്ച ‘സന്നദ്ധ സുവിശേഷക’ സംഘവാരമായി സഭ ആചരിക്കുന്നു. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനായിരിക്കണം‘ എന്ന ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദർശനത്തോടെ 1924–ൽ സഭയിൽ ആരംഭിച്ച പ്രസ്ഥാനമാണ് സന്നദ്ധ സുവിശേഷക സംഘം.ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുക എന്ന ദൗത്യം ഉയിർത്തെഴുന്നേറ്റ കർത്താവ് സഭയെ ഏൽപ്പിച്ച വലിയ ദൗത്യമാണ്. ആ ദൗത്യത്തിൽ പങ്കാളികളാകുവാൻ നാം ആയിരിക്കുന്ന ഇടത്തു സുവിശേഷം അറിയിക്കുവാൻ നാം സന്നദ്ധരാകണം. ദൈവരാജ്യത്തിൻെറ മഹത്തായ ഈ ശുശ്രൂഷയിൽ നമുടെ പങ്ക് മറ്റാർക്കും നിർവ്വഹിപ്പാൻ സാധ്യമല്ല. അരുമനാഥൻ സ്നേഹത്തോടെ ഏൽപ്പിച്ച ഈ വലിയ ദൗത്യം പരിശുദ്ധാത്മാവിൽ ആശ്രയിച്ച് ഗൗരവത്തോടെ ചെയ്യുവാൻ നമുക്ക് കഴിയണം. ഈ ദൗത്യത്തിൽ നിന്നും ആർക്കും ഒഴിഞ്ഞു മാറി നിൽക്കുവാൻ സാദ്ധ്യമല്ല.

രണ്ടാം ആഴ്ച്ച ഭിന്നശേഷിക്കാരായ നമ്മുടെ സഹോദരി–സഹോദരന്മാരെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള സന്ദർഭമാണ്. ദൈവം മനുഷ്യനെ വ്യത്യസ്തമായ കഴിവുകളും താലന്തുകളും നൽകി സൃഷ്ടിച്ചിരിക്കുന്നു. ദൈവസൃഷ്ടിയായ ബലഹീനരെ, ഭിന്നശേഷിക്കാരായ ആളുകളെ ചേർത്തുനിർത്തുവാൻ അവരെ സ്നേഹിക്കുവാൻ, ആദരിക്കുവാൻ, കരുതുവാൻ, കൈത്താങ്ങൽ നൽകുവാൻ, സഹായിക്കുവാൻ, പ്രോത്സാഹിപ്പിക്കുവാൻ നാം തയ്യാറാകണം. അവരെ അവഗണിക്കുവാനോ, പുച്ഛരിക്കുവാനോ, അധിക്ഷേപിക്കുവാനോ നാം ഒരിക്കലും മുതിരരുത്. നിൻെറ ഈ എളിയ സഹോദരന് നീ ചെയ്യതെല്ലാം എനിക്ക് (ക്രിസ്തുവിന്) ചെയ്യുന്ന ശുശ്രൂഷകളാണ്. ഇങ്ങനെയുള്ളവരോട് വാത്സല്യവും, സഹാനുഭൂതിയും നമ്മുടെ ഹൃദയത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

മൂന്നാമത്തെ ആഴ്ച്ച യുവജന വാരമായിട്ടാണ് സഭ കൊണ്ടാടുന്നത്. യൗവ്വനം വർണ്ണങ്ങളുടേയും, സ്വപ്നങ്ങളുടേയും, സാധ്യതകളുടേയും കാലഘട്ടമാണ്. യൗവ്വനം തുച്ഛരീകരിച്ചുകളയാതെ വാക്കിലും, നടപ്പിലും, നീതിയിലും, വിശ്വാസത്തിലും, ഭക്തിയിലും, സാക്ഷ്യത്തിലും നിലനിന്ന് കർത്താവിനു വേണ്ടി ജീവിക്കുവാൻ ഇടയാകണം. ഈ യുവജന വാരത്തിൽ ഇടവകയുടെ വാർഷിക കൺവെൻഷനും, ഇടവകദിനവും ക്രമീകരിച്ചിരിക്കുന്നു. ഒക്ടോബർ 16 മുതൽ 20 വരെ നടക്കുന്ന കൺവെൻഷനിൽ അഭിവന്ദ്യ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി നേതൃത്വം നൽകുന്നതാണ്. ഏവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ നമ്മുടെ കൺവൻഷൻ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് സഹായകരമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നാലാം ആഴ്ച്ച കുടുംബ പ്രതിഷ്ഠയുടെ അവസരമാണ്. വചനം കേട്ട് പുതുക്കപ്പെട്ട് കുടുംബം കുടുംബമായി കർത്താവിൻെറ സന്നിധിയിൽ പുന:സമർപ്പണം ചെയ്യനുള്ള അസുലഭ നിമിഷങ്ങളാണ് ഇത്.വളരെ വെല്ലുവിളികൾ നേരിടുന്ന ഭൂമിയിലെ ഏറ്റവും പഴക്കം ചെന്ന ദൈവീക സ്ഥാപനയാണ് കുടുംബം. ഒരു കാലത്തും പ്രസക്തി നഷ്ടപ്പെട്ടു പോകാത്ത ഭൂമിയിലെ ഏറ്റവും മഹത്തരമായ സ്ഥാപനയാണ് കുടുംബം. അടിസ്ഥാനം ശക്തമല്ലെങ്കിൽ താകർന്നുപോകാൻ വളരെ സാധ്യതയുള്ളതിനാൽ ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട ശക്തമായ ദൈവീക മൂല്യങ്ങളിൽ നമ്മുടെ കുടുംബങ്ങൾ കെട്ടുപണി ചെയ്യേ മതിയാവൂ. കുടുംബം കൗദാശികമായ ഭൂമിയിലെ ദൈവത്തിൻെറ സുന്ദരമായ ദാനമാണ്. സ്നേഹത്തിൻെറ കുളിർമയും കരുതലിൻെറ മാധുര്യവും പങ്കുവയ്ക്കലിൻെറ സന്തോഷവും ഒരുപോലെ അനുഭവിക്കുവാൻ കഴിയുന്നിടമാണ് കുടുംബം. ഭവനങ്ങളിൽ നിന്നും സംരക്ഷണവും, പ്രോത്സാഹനവും, ആശ്വാസവും, സ്നേഹവും ലഭ്യമാകണമെങ്കിൽ ക്രിസ്തു വസിക്കുന്ന ഭവനങ്ങളായി നമുടെ ഭവനങ്ങൾ രൂപാന്തരപ്പെടണം. യോശുവായെപ്പോലെ നമുക്കും പ്രതിജ്ഞ ചെയ്യാം “ഞാനും എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയേ സേവിക്കും” എന്ന്. അതിന് ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

റവ. ജോർജ് യോഹന്നാൻ
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com



# വികാരിയിൽ നിന്ന് ....

29-09-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

സെപ്റ്റംബർ 1 മുതൽ 3 വരെ മസ്ക്കറ്റിൽ വച്ച് നടന്ന ഗൾഫ് യൂത്ത് കോൺഫറൻസ് വളരെ അനുഗ്രഹം ആയിരുന്നു. “അതിരുകൾ കവിയുന്ന ക്രിസ്തു” എന്നതായിരുന്നു പ്രധാന വിഷയം. 1500–ഓളം പേർ സംബന്ധിച്ച ക്യാമ്പിൽ പ്രധാന നേതാക്കന്മാരായി തിരുമേനിമാരെക്കൂടാതെ ശ്രീ. അലക്സാണ്ടർ ജേക്കബ് ണ്ട. ഗ്ഗ. ്., റവ. ബോബി മാത്യു, ഫാ. ബോബി ജോസ് കട്ടിക്കാട്, സിസ്റ്റർ. സുധാ വർഗ്ഗീസ്, ഡോ. അക്കായി പത്മശാലി, സാഹിത്യകാരൻ ശ്രീ. സുഭാഷ് ചന്ദ്രൻ എന്നിവരായിരുന്നു. ഭിന്നലിംഗക്കാരുടെ പ്രതിനിധിയായി ഡോ. അക്കായി പത്മശാലി തൻെറ നീറുന്ന അനുഭവങ്ങൾ പങ്കുവച്ചപ്പോൾ അത് എല്ലാവർക്കും ഹൃദയസ്പർശിയായി. ഭിന്നലിംഗക്കാരോടുള്ള വെറുപ്പും പുച്ഛവും ദൈവത്തോടുള്ള അനാദരവായി കണക്കാക്കണമെന്നും, അവരും ദൈവസൃഷ്ടികളാണെന്നും, അവർക്കും ഈ സമൂഹത്തിൽ ജീവിക്കാൻ അവകാശമുണ്ടെന്നും ഏവരേയും ഓർമ്മിപ്പിച്ചു. പത്മശ്രീ. സിസ്റ്റർ. സുധാ വർഗ്ഗീസ് ബീഹാറിൽ പാവപ്പെട്ട ഗ്രാമീണർക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മഹതിയാണ്. അവരുടെ പൊള്ളുന്ന ജീവിത അനുഭവങ്ങൾ ഏവരുടേയും കണ്ണുകൾ ഈറനണിയിച്ചു. സ്വർഗ്ഗത്തിൻെറ അതിരുകൾ ഭേദിച്ച് മാനുഷികമായ വേർതിരിവുകൾ ഇല്ലാതാക്കുന്ന ക്രിസ്തുവിൻെറ മഹത്തായ പ്രവർത്തനം മാതൃകയാക്കണം എന്ന മുഖ്യസന്ദേശം ഏവർക്കും പ്രചോദനമായി. നമ്മുടെ ഇടവകയിൽ നിന്നും 19 പേർ ഈ കോൺഫറൻസിൽ സംബന്ധിച്ചു. സഖ്യമായി ‘വെളിച്ചമേ നയിച്ചാലും’ എന്ന നാടകം അവതരിപ്പിച്ചത് വളരെ ഹൃദ്യമായ അനുഭവം ആയിരുന്നു.സജീവമായി പങ്കെടുത്ത് സഹകരിച്ച ഏവരോടും നന്ദി അറിയിക്കുന്നു.

ഒക്ടോബർ മാസം സഭയെ സംബന്ധിച്ച് പലതുകൊണ്ടും വളരെ ശ്രദ്ധേയമായ ഒരു മാസം ആണ്. ആദ്യ ആഴ്ച്ച ‘സന്നദ്ധ സുവിശേഷക’ സംഘവാരമായി സഭ ആചരിക്കുന്നു. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനായിരിക്കണം‘ എന്ന ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദർശനത്തോടെ 1924–ൽ സഭയിൽ ആരംഭിച്ച പ്രസ്ഥാനമാണ് സന്നദ്ധ സുവിശേഷക സംഘം.ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുക എന്ന ദൗത്യം ഉയിർത്തെഴുന്നേറ്റ കർത്താവ് സഭയെ ഏൽപ്പിച്ച വലിയ ദൗത്യമാണ്. ആ ദൗത്യത്തിൽ പങ്കാളികളാകുവാൻ നാം ആയിരിക്കുന്ന ഇടത്തു സുവിശേഷം അറിയിക്കുവാൻ നാം സന്നദ്ധരാകണം. ദൈവരാജ്യത്തിൻെറ മഹത്തായ ഈ ശുശ്രൂഷയിൽ നമുടെ പങ്ക് മറ്റാർക്കും നിർവ്വഹിപ്പാൻ സാധ്യമല്ല. അരുമനാഥൻ സ്നേഹത്തോടെ ഏൽപ്പിച്ച ഈ വലിയ ദൗത്യം പരിശുദ്ധാത്മാവിൽ ആശ്രയിച്ച് ഗൗരവത്തോടെ ചെയ്യുവാൻ നമുക്ക് കഴിയണം. ഈ ദൗത്യത്തിൽ നിന്നും ആർക്കും ഒഴിഞ്ഞു മാറി നിൽക്കുവാൻ സാദ്ധ്യമല്ല.

രണ്ടാം ആഴ്ച്ച ഭിന്നശേഷിക്കാരായ നമ്മുടെ സഹോദരി–സഹോദരന്മാരെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള സന്ദർഭമാണ്. ദൈവം മനുഷ്യനെ വ്യത്യസ്തമായ കഴിവുകളും താലന്തുകളും നൽകി സൃഷ്ടിച്ചിരിക്കുന്നു. ദൈവസൃഷ്ടിയായ ബലഹീനരെ, ഭിന്നശേഷിക്കാരായ ആളുകളെ ചേർത്തുനിർത്തുവാൻ അവരെ സ്നേഹിക്കുവാൻ, ആദരിക്കുവാൻ, കരുതുവാൻ, കൈത്താങ്ങൽ നൽകുവാൻ, സഹായിക്കുവാൻ, പ്രോത്സാഹിപ്പിക്കുവാൻ നാം തയ്യാറാകണം. അവരെ അവഗണിക്കുവാനോ, പുച്ഛിക്കുവാനോ, അധിക്ഷേപിക്കുവാനോ നാം ഒരിക്കലും മുതിരരുത്. നിൻെറ ഈ എളിയ സഹോദരന് നീ ചെയ്തതെല്ലാം എനിക്ക് (ക്രിസ്തുവിന്) ചെയ്യുന്ന ശുശ്രൂഷകളാണ്. ഇങ്ങനെയുള്ളവരോട് വാത്സല്യവും, സഹാനുഭൂതിയും നമ്മുടെ ഹൃദയത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

മൂന്നാമത്തെ ആഴ്ച്ച യുവജന വാരമായിട്ടാണ് സഭ കൊണ്ടാടുന്നത്. യൗവ്വനം വർണ്ണങ്ങളുടേയും, സ്വപ്നങ്ങളുടേയും, സാധ്യതകളുടേയും കാലഘട്ടമാണ്. യൗവ്വനം തുച്ഛീകരിച്ചുകളയാതെ വാക്കിലും, നടപ്പിലും, നീതിയിലും, വിശ്വാസത്തിലും, ഭക്തിയിലും, സാക്ഷ്യത്തിലും നിലനിന്ന് കർത്താവിനു വേണ്ടി ജീവിക്കുവാൻ ഇടയാകണം. ഈ യുവജന വാരത്തിൽ ഇടവകയുടെ വാർഷിക കൺവെൻഷനും, ഇടവകദിനവും ക്രമീകരിച്ചിരിക്കുന്നു. ഒക്ടോബർ 16 മുതൽ 20 വരെ നടക്കുന്ന കൺവെൻഷനിൽ അഭിവന്ദ്യ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി നേതൃത്വം നൽകുന്നതാണ്. ഏവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ നമ്മുടെ കൺവൻഷൻ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് സഹായകരമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നാലാം ആഴ്ച്ച കുടുംബ പ്രതിഷ്ഠയുടെ അവസരമാണ്. വചനം കേട്ട് പുതുക്കപ്പെട്ട് കുടുംബം കുടുംബമായി കർത്താവിൻെറ സന്നിധിയിൽ പുന:സമർപ്പണം ചെയ്യനുള്ള അസുലഭ നിമിഷങ്ങളാണ് ഇത്.വളരെ വെല്ലുവിളികൾ നേരിടുന്ന ഭൂമിയിലെ ഏറ്റവും പഴക്കം ചെന്ന ദൈവീക സ്ഥാപനയാണ് കുടുംബം. ഒരു കാലത്തും പ്രസക്തി നഷ്ടപ്പെട്ടു പോകാത്ത ഭൂമിയിലെ ഏറ്റവും മഹത്തരമായ സ്ഥാപനയാണ് കുടുംബം. അടിസ്ഥാനം ശക്തമല്ലെങ്കിൽ താകർന്നുപോകാൻ വളരെ സാധ്യതയുള്ളതിനാൽ ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട ശക്തമായ ദൈവീക മൂല്യങ്ങളിൽ നമ്മുടെ കുടുംബങ്ങൾ കെട്ടുപണി ചെയ്തേ മതിയാവൂ. കുടുംബം കൗദാശികമായ ഭൂമിയിലെ ദൈവത്തിൻെറ സുന്ദരമായ ദാനമാണ്. സ്നേഹത്തിൻെറ കുളിർമയും കരുതലിൻെറ മാധുര്യവും പങ്കുവയ്ക്കലിൻെറ സന്തോഷവും ഒരുപോലെ അനുഭവിക്കുവാൻ കഴിയുന്നിടമാണ് കുടുംബം. ഭവനങ്ങളിൽ നിന്നും സംരക്ഷണവും, പ്രോത്സാഹനവും, ആശ്വാസവും, സ്നേഹവും ലഭ്യമാകണമെങ്കിൽ ക്രിസ്തു വസിക്കുന്ന ഭവനങ്ങളായി നമുടെ ഭവനങ്ങൾ രൂപാന്തരപ്പെടണം. യോശുവായെപ്പോലെ നമുക്കും പ്രതിജ്ഞ ചെയ്യാം “ഞാനും എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയേ സേവിക്കും” എന്ന്. അതിന് ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com



# വികാരിയിൽ നിന്ന് ....

29-09-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

സെപ്റ്റംബർ 1 മുതൽ 3 വരെ മസ്ക്കറ്റിൽ വച്ച് നടന്ന ഗൾഫ് യൂത്ത് കോൺഫറൻസ് വളരെ അനുഗ്രഹം ആയിരുന്നു. “അതിരുകൾ കവിയുന്ന ക്രിസ്തു” എന്നതായിരുന്നു പ്രധാന വിഷയം. 1500–ഓളം പേർ സംബന്ധിച്ച ക്യാമ്പിൽ പ്രധാന നേതാക്കന്മാരായി തിരുമേനിമാരെക്കൂടാതെ ശ്രീ. അലക്സാണ്ടർ ജേക്കബ് ണ്ട. ഗ്ഗ. ., റവ. ബോബി മാത്യു, ഫാ. ബോബി ജോസ് കട്ടിക്കാട്, സിസ്റ്റർ. സുധാ വർഗ്ഗീസ്, ഡോ. അക്കായി പത്മശാലി, സാഹിത്യകാരൻ ശ്രീ. സുഭാഷ് ചന്ദ്രൻ എന്നിവരായിരുന്നു. ഭിന്നലിംഗക്കാരുടെ പ്രതിനിധിയായി ഡോ. അക്കായി പത്മശാലി തൻെറ നീറുന്ന അനുഭവങ്ങൾ പങ്കുവച്ചപ്പോൾ അത് എല്ലാവർക്കും ഹൃദയസ്പർശിയായി. ഭിന്നലിംഗക്കാരോടുള്ള വെറുപ്പും പുച്ഛവും ദൈവത്തോടുള്ള അനാദരവായി കണക്കാക്കണമെന്നും, അവരും ദൈവസൃഷ്ടികളാണെന്നും, അവർക്കും ഈ സമൂഹത്തിൽ ജീവിക്കാൻ അവകാശമുണ്ടെന്നും ഏവരേയും ഓർമ്മിപ്പിച്ചു. പത്മശ്രീ. സിസ്റ്റർ. സുധാ വർഗ്ഗീസ് ബീഹാറിൽ പാവപ്പെട്ട ഗ്രാമീണർക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മഹതിയാണ്. അവരുടെ പൊള്ളുന്ന ജീവിത അനുഭവങ്ങൾ ഏവരുടേയും കണ്ണുകൾ ഈറനണിയിച്ചു. സ്വർഗ്ഗത്തിൻെറ അതിരുകൾ ഭേദിച്ച് മാനുഷികമായ വേർതിരിവുകൾ ഇല്ലാതാക്കുന്ന ക്രിസ്തുവിൻെറ മഹത്തായ പ്രവർത്തനം മാതൃകയാക്കണം എന്ന മുഖ്യസന്ദേശം ഏവർക്കും പ്രചോദനമായി. നമ്മുടെ ഇടവകയിൽ നിന്നും 19 പേർ ഈ കോൺഫറൻസിൽ സംബന്ധിച്ചു. സഖ്യമായി ‘വെളിച്ചമേ നയിച്ചാലും’ എന്ന നാടകം അവതരിപ്പിച്ചത് വളരെ ഹൃദ്യമായ അനുഭവം ആയിരുന്നു.സജീവമായി പങ്കെടുത്ത് സഹകരിച്ച ഏവരോടും നന്ദി അറിയിക്കുന്നു.

ഒക്ടോബർ മാസം സഭയെ സംബന്ധിച്ച് പലതുകൊണ്ടും വളരെ ശ്രദ്ധേയമായ ഒരു മാസം ആണ്. ആദ്യ ആഴ്ച്ച ‘സന്നദ്ധ സുവിശേഷക’ സംഘവാരമായി സഭ ആചരിക്കുന്നു. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനായിരിക്കണം‘ എന്ന ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദർശനത്തോടെ 1924–ൽ സഭയിൽ ആരംഭിച്ച പ്രസ്ഥാനമാണ് സന്നദ്ധ സുവിശേഷക സംഘം.ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുക എന്ന ദൗത്യം ഉയിർത്തെഴുന്നേറ്റ കർത്താവ് സഭയെ ഏൽപ്പിച്ച വലിയ ദൗത്യമാണ്. ആ ദൗത്യത്തിൽ പങ്കാളികളാകുവാൻ നാം ആയിരിക്കുന്ന ഇടത്തു സുവിശേഷം അറിയിക്കുവാൻ നാം സന്നദ്ധരാകണം. ദൈവരാജ്യത്തിൻെറ മഹത്തായ ഈ ശുശ്രൂഷയിൽ നമുടെ പങ്ക് മറ്റാർക്കും നിർവ്വഹിപ്പാൻ സാധ്യമല്ല. അരുമനാഥൻ സ്നേഹത്തോടെ ഏൽപ്പിച്ച ഈ വലിയ ദൗത്യം പരിശുദ്ധാത്മാവിൽ ആശ്രയിച്ച് ഗൗരവത്തോടെ ചെയ്യുവാൻ നമുക്ക് കഴിയണം. ഈ ദൗത്യത്തിൽ നിന്നും ആർക്കും ഒഴിഞ്ഞു മാറി നിൽക്കുവാൻ സാദ്ധ്യമല്ല.

രണ്ടാം ആഴ്ച്ച ഭിന്നശേഷിക്കാരായ നമ്മുടെ സഹോദരി–സഹോദരന്മാരെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള സന്ദർഭമാണ്. ദൈവം മനുഷ്യനെ വ്യത്യസ്തമായ കഴിവുകളും താലന്തുകളും നൽകി സൃഷ്ടിച്ചിരിക്കുന്നു. ദൈവസൃഷ്ടിയായ ബലഹീനരെ, ഭിന്നശേഷിക്കാരായ ആളുകളെ ചേർത്തുനിർത്തുവാൻ അവരെ സ്നേഹിക്കുവാൻ, ആദരിക്കുവാൻ, കരുതുവാൻ, കൈത്താങ്ങൽ നൽകുവാൻ, സഹായിക്കുവാൻ, പ്രോത്സാഹിപ്പിക്കുവാൻ നാം തയ്യാറാകണം. അവരെ അവഗണിക്കുവാനോ, പുച്ചരിക്കുവാനോ, അധിക്ഷേപിക്കുവാനോ നാം ഒരിക്കലും മുതിരരുത്. നിൻെറ ഈ എളിയ സഹോദരന് നീ ചെയ്യതെല്ലാം എനിക്ക് (ക്രിസ്തുവിന്) ചെയ്യുന്ന ശുശ്രൂഷകളാണ്. ഇങ്ങനെയുള്ളവരോട് വാത്സല്യവും, സഹാനുഭൂതിയും നമ്മുടെ ഹൃദയത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

മൂന്നാമത്തെ ആഴ്ച്ച യുവജന വാരമായിട്ടാണ് സഭ കൊണ്ടാടുന്നത്. യൗവ്വനം വർണ്ണങ്ങളുടേയും, സ്വപ്നങ്ങളുടേയും, സാധ്യതകളുടേയും കാലഘട്ടമാണ്. യൗവ്വനം തുച്ഛീകരിച്ചുകളയാതെ വാക്കിലും, നടപ്പിലും, നീതിയിലും, വിശ്വാസത്തിലും, ഭക്തിയിലും, സാക്ഷ്യത്തിലും നിലനിന്ന് കർത്താവിനു വേണ്ടി ജീവിക്കുവാൻ ഇടയാകണം. ഈ യുവജന വാരത്തിൽ ഇടവകയുടെ വാർഷിക കൺവെൻഷനും, ഇടവകദിനവും ക്രമീകരിച്ചിരിക്കുന്നു. ഒക്ടോബർ 16 മുതൽ 20 വരെ നടക്കുന്ന കൺവെൻഷനിൽ അഭിവന്ദ്യ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി നേതൃത്വം നൽകുന്നതാണ്. ഏവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ നമ്മുടെ കൺവൻഷൻ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് സഹായകരമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നാലാം ആഴ്ച്ച കുടുംബ പ്രതിഷ്ഠയുടെ അവസരമാണ്. വചനം കേട്ട് പുതുക്കപ്പെട്ട് കുടുംബം കുടുംബമായി കർത്താവിൻെറ സന്നിധിയിൽ പുന:സമർപ്പണം ചെയ്യനുള്ള അസുലഭ നിമിഷങ്ങളാണ് ഇത്.വളരെ വെല്ലുവിളികൾ നേരിടുന്ന ഭൂമിയിലെ ഏറ്റവും പഴക്കം ചെന്ന ദൈവീക സ്ഥാപനയാണ് കുടുംബം. ഒരു കാലത്തും പ്രസക്തി നഷ്ടപ്പെട്ടു പോകാത്ത ഭൂമിയിലെ ഏറ്റവും മഹത്തരമായ സ്ഥാപനയാണ് കുടുംബം. അടിസ്ഥാനം ശക്തമല്ലെങ്കിൽ താകർന്നുപോകാൻ വളരെ സാധ്യതയുള്ളതിനാൽ ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട ശക്തമായ ദൈവീക മൂല്യങ്ങളിൽ നമ്മുടെ കുടുംബങ്ങൾ കെട്ടുപണി ചെയ്യേ മതിയാവൂ. കുടുംബം കൗദാശികമായ ഭൂമിയിലെ ദൈവത്തിൻെറ സുന്ദരമായ ദാനമാണ്. സ്നേഹത്തിൻെറ കുളിർമയും കരുതലിൻെറ മാധുര്യവും പങ്കുവയ്ക്കലിൻെറ സന്തോഷവും ഒരുപോലെ അനുഭവിക്കുവാൻ കഴിയുന്നിടമാണ് കുടുംബം. ഭവനങ്ങളിൽ നിന്നും സംരക്ഷണവും, പ്രോത്സാഹനവും, ആശ്വാസവും, സ്നേഹവും ലഭ്യമാകണമെങ്കിൽ ക്രിസ്തു വസിക്കുന്ന ഭവനങ്ങളായി നമുടെ ഭവനങ്ങൾ രൂപാന്തരപ്പെടണം. യോശുവായെപ്പോലെ നമുക്കും പ്രതിജ്ഞ ചെയ്യാം “ഞാനും എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയേ സേവിക്കും” എന്ന്. അതിന് ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com